19/01/24
A.N

(Pages : 4)

MOORE COLLEGE LIBRARY MAVELIKARA PIN: 690110 KERALA

**S – 2476**

Reg. No. : ..............................

Name : ..................................

**First Semester B.A./B.Sc. Degree Examination, January 2024**

**First Degree Programme under CBCSS**

**Language Course II – Additional Language I – Malayalam**

**ML 1111.1 : മലയാളകവിത**

**(2021 Admission Onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി ഒരു വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക. ഓരോന്നിനും 1 മാർക്ക് വീതം.

1. 'മലയാള കവിതാസാഹിത്യചരിത്രം' എഴുതിയതാര്?

2. 'മൗസലപർവ്വം' എന്ന പേരുവരാൻ കാരണമെന്ത്?

3. 'കരുണ'യുടെ വൃത്തമെന്ത്?

4. 'വടക്കൻ പാട്ടുകള്ളുടെ പണിയാല' എന്ന കൃതി രചിച്ചതാര്?

5. ചങ്ങമ്പുഴയുടെ ആദ്യ കവിതാസമാഹാരം ഏത്?

6. "മാറ്റുക, മാറ്റുക ചട്ടങ്ങളെയവ
മാറ്റും, നിങ്ങളെയല്ലെങ്കിൽ"
- ഇത് ആരുടെ വരികൾ? കൃതിയേത്?

7. 'കാടിന്റെ മടിയിൽ' എന്ന കവിതയിലെ പി. തന്റെ അവസാനത്തെ അഭിലാഷമായി പറയുന്നത് എന്ത്?

8. 'ഓർമ്മകൾ മറയുന്നത്' എന്ന കവിത ഏതു സമാഹാരത്തിൽ ഉൾപ്പെടുന്നു?

P.T.O.

Scanned with CamScanner

9. "ദേവിഭൂമി, നിനക്കെല്ലാ-
മറിയാം, നിന്റെ ചന്തയിൽ
പാഴ്‌വിലയ്ക്കുമെടുക്കാത്തോ-
ന്നല്ലി പെണ്ണിന്റെ ജീവിതം?"
- ആരുടെ വാക്കുകൾ? സന്ദർഭമേത്?

10. ഭാരതീയ ജ്ഞാനപീഠത്തിന്റെ പ്രഥമ അവാർഡ് ലഭിച്ചതാർക്ക്? ഏതു വർഷം?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും **2** മാർക്ക് വീതം.

11. "ആ മോഹം നീയൊട്ടും കരുതവേണ്ട
അവനുണ്ടോ പോരാനിട വരുന്നു"
- ആരുടെ വാക്കുകൾ? മോഹം എന്തെന്നു വിശദമാക്കുക.

12. മാർത്താണ്ഡബിംബം മറഞ്ഞതിനെ കൃഷ്ണഗാഥാകാരൻ വർണ്ണിക്കുന്നതെങ്ങനെ?

13. "ആശയായുള്ള പാശമതിങ്കേന്നു
വേർവ്വിടാതെ കരേറുന്നു മേല്ലുമേൽ"
- ആശയം വിശദമാക്കുക.

14. പ്രാപഞ്ചിക ജീവിതത്തെ നാം വെറുക്കാത്തതെന്തുകൊണ്ട്?

15. "വാടാതെയുണ്ടെന്നുള്ളിൽ പണ്ടു കാലത്തിൻ നീണ്ട
ചൂടാണ്ട മാസങ്ങളിൽ പൂവിട്ടൊരുല്ലാസങ്ങൾ!"
- കവിയുടെ ബാല്യകാലത്തെ ഉല്ലാസങ്ങൾ വിവരിക്കുക.

16. "ആയിരം മണിയുടെ നാക്കടക്കീടാ,മൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?"
- സന്ദർഭം വിവരിക്കുക.

17. "അടിമയെന്നോരുമ്പോൾപ്പിഞ്ചു ഹൃത്തും
കഠിനമായ്ത്തീരുന്നതെന്തുകൊണ്ടോ?"
- ആശയം വിശദമാക്കുക.



Scanned with CamScanner

18. പ്രളയം കടന്നുള്ള സൃഷ്ടിവർഗ്ഗത്തോടെല്ലാം ദൈവം ചെയ്ത വാഗ്ദാനമെന്ത്? അതിന്റെ അടയാളമെന്ത്?

19. ആക്ഷേപഹാസ്യം കവിതയിൽ സാമൂഹികവിമർശനമാകുന്നത് മോഷണം എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുക.

20. "രണ്ടു വറ്റിന്നായി, ദുർല്ലഭമാം കലാ-
സ്വർണ്ണനിക്ഷേപങ്ങൾ തൂക്കി വിറ്റു"
- സന്ദർഭമെഴുതുക.

21. "വിരലാലെടുത്തവൾ
കണ്ണുകൾ കറുപ്പിക്കും"
- ആര്? കൺമഷിയായി അവൾ എടുത്തതെന്ത്?

22. "ഒരു കാറ്റുമതിൻ നെഞ്ചിൽ
മുഖം ചേർക്കാൻ തുനിഞ്ഞില്ല;
മുറിവിന്മേലില ച്ചാറു
പുരട്ടിയില്ല"
- ഈ കാവ്യാനുഭവത്തിന്റെ തീവ്രത വിവരിക്കുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരം എഴുതുക.

23. കലികാലത്തിന്റെ സവിശേഷതകൾ വിവരിക്കുക.

24. നാടൻ പാട്ടുകളുടെ സവിശേഷത വർണ്ണിച്ച് 'ഒരു സ്വപ്നം' എന്ന പാട്ടിന്റെ ആഖ്യാനരീതി വിശദമാക്കുക.

25. 'വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം'

- ആശയവും അലങ്കാരവും വിശദമാക്കുക.

26. ചമ്പുക്കളുടെ വർണ്ണനാരീതി 'വനത്തിലെ രാത്രി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.



Scanned with CamScanner

27. കരുണയിലെ ചുടുകാടിന്റെ രേഖാചിത്രം വിവരിക്കുക.

28. "എവിടെ നിന്നായാലും മോഹഭംഗം;
എവിടേയ്ക്കു പോയാലും രോഷരംഗം"
- സ്ത്രീജന്മത്തിന്റെയും അധഃസ്ഥജനതയുടെയും ജീവിതരംഗത്തെ കവി ഈ വരികളിൽ ഉൾച്ചേർത്തിരിക്കുന്നത് വിശകലനം ചെയ്യുക.

29. "ഭീംസെൻ ഇലയായ്, തിരയായ് പ്രവാഹമായ്
നിന്നെയെനിക്കു നല്കുന്നു, നിനക്കു ഞാൻ
എന്നെ പ്രളയനിശ്ശബ്ദതയാക്കുന്നു"
- ആശയവും സന്ദർഭവും വിവരിക്കുക.

30. മഴവില്ലും ചൂരൽവടിയും സൃഷ്ടിയുടെയും സംഹാരത്തിന്റെയും സൂക്ഷ്മബിംബങ്ങളാവുന്നതെങ്ങനെ? വിശദമാക്കുക.

31. "ഇന്നലെ, ത്തേങ്ങിത്തേങ്ങിയെന്തിനോ കരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ - നാളെ ഞാനൊഴിഞ്ഞേക്കാം"
- സന്ദർഭവും ആശയവും ജീവിതദർശനവും വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ചെറുശ്ശേരിയുടെയും എഴുത്തച്ഛന്റെയും വർണ്ണനാരീതിയും ഭാഷാപാടവവും പാഠ്യഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി താരതമ്യം ചെയ്യുക.

33. പ്രകൃതി സൗന്ദര്യവർണ്ണനയിൽ ചങ്ങമ്പുഴയും പി. കുഞ്ഞിരാമൻ നായരും വൈലോപ്പിള്ളിയും കൈവരിച്ചിട്ടുള്ള അനർഘചാരുത ഉദാഹരണസഹിതം വെളിപ്പെടുത്തുക.

34. ആത്മസംഘർഷത്തിൽപ്പെട്ട മനുഷ്യന്റെ സ്വഗതാഖ്യാനമാണ് 'പെരുന്തച്ചൻ' - വിചിന്തനം ചെയ്യുക.

35. സ്ത്രീസ്വത്വത്തിന്റെ ദുരിതപർവ്വങ്ങളെ കുളക്കടവിൽ, പെൺകുഞ്ഞ് 90 എന്നീ കവിതകളെ മുൻനിർത്തി വിലയിരുത്തുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner